**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **20-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും സഹായങ്ങളും അതിവേഗത്തിലും സുതാര്യതയോടെയും ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; ഇതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും സഹായങ്ങളും അതിവേഗത്തിലും സുതാര്യത യോടെയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി "ക്ഷീരശ്രീ പോർട്ടൽ "എന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത പദ്ധതികളിലും മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ക്ഷീരശ്രീ പോർട്ടൽ മുഖേന ആയതിനാൽ കാര്യക്ഷമവും, സുതാര്യവും, സമയ ബന്ധിതവുമായി പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നു.<br><br>ക്ഷീര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി സ്ഥാപിക്കപ്പെട്ട ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചു വരുന്ന ധനസഹായ അപേക്ഷകൾ എല്ലാം തന്നെ "ക്ഷീരജാലകം" സോഫ്റ്റ് വെയറിലൂടെ ഓൺലൈൻ മുഖേനെയാണ് സ്വീകരിക്കുന്നത്. ക്ഷേമനിധി അംഗങ്ങളായിട്ടുള്ളവർക്ക് വ്യക്തിഗത ലോഗിനും ഇതിനായി അനുവരദിച്ചിട്ടുണ്ട്. അപേക്ഷകർക്ക് സ്വന്തം നിലയിലോ, ക്ഷീരവികസന യൂണിറ്റ് ഓഫീസുകൾ, ജില്ലാ നോഡൽ ഓഫീസുകൾ എന്നിവ മുഖേനയോ, ക്ഷിരസംഘങ്ങൾ മുഖേനയോ, അക്ഷയകേന്ദ്രങ്ങൾ മുഖേനയോ അവരുടെ ലോഗിനിൽ നിന്നും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ ക്ഷീരജാലകം പ്രമോട്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ക്ഷേമനിധി അംഗവും സമർപ്പിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നതിനും, ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് |

| | | | |
|---|---|---|---|
| | | | മനസ്സിലാക്കുന്നതിനും സോഫ്റ്റ് വെയറിൽ സാധിക്കും. കൂടാതെ ധനസഹായ തുകകൾ എല്ലാം തന്നെ അപേക്ഷയോടൊപ്പം കർഷകർ സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കാണ് അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് ലഭ്യമാവുന്ന സഹായങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | സുതാര്യമായി വ്യക്തിഗത ഗുണഭോക്താക്കളെ തെര ഞ്ഞെടുക്കുന്നതിനും, ഓരോ പദ്ധതിക്കും നിശ്ചയിച്ചിട്ടുള്ള ധനസഹായം അനുവദിക്കു ന്നതിനും, സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതി നും ക്ഷീരശ്രീ പോർട്ടൽ സഹായകരമാണ്. തീറ്റപ്പുൽകൃഷി വികസനം, ഡയറി യൂണിറ്റുകൾ സ്ഥാപിക്കൽ, കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, റബ്ബർ മാറ്റ് തുടങ്ങി ക്ഷീരകർഷകർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നീ പദ്ധതികൾക്കെല്ലാം ക്ഷീരശ്രീ പോർട്ടൽ മുഖാന്തിരം അപേക്ഷിക്കാവുന്നതാണ്.<br>**കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് വിവാഹ ധനസഹായം 10, +2, ബിരുദം, പ്രൊഫഷണൽ തലം എന്നിവയിൽ വിജയിച്ച ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കായി വിദ്യാഭ്യാസ ധനസഹായം, ക്ഷേമനിധി അംഗം മരണപ്പെടുമ്പോൾ മരണാനന്തര ധനസഹായം ക്ഷേമനിധി അംഗങ്ങൾക്കായി ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതി, മികച്ച ക്ഷീരകർഷക അവാർഡുകൾ (സംസ്ഥാനതലം, ജില്ലാതലം) എന്നിവ ക്ഷീരജാലകം സോഫ്റ്റ് വെയറിലൂടെ നടപ്പിലാക്കി വരുന്നു** |
| (സി) | ക്ഷീര മേഖലയ്ക്ക് പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ക്ഷീര മേഖലയ്ക്ക് പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്നതിന് "ക്ഷീരശ്രീ പോർട്ടൽ", "ക്ഷീരജാലകം" പദ്ധതികൾ ഏറെ സഹായകരമാണ്. ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും, സഹായങ്ങളും ബാഹ്യയിടപെടലുകൾ ഇല്ലാതെ സമയ ബന്ധിതമായും, കാര്യക്ഷമതയോടുംകൂടി സുതാര്യമായി ഏറ്റവും അർഹതപ്പെട്ടവർക്ക് നൽകുന്നതിന് ടി പദ്ധതികൾ ഉപകരിക്കുന്നു. |

സെക്ഷൻ ഓഫീസർ